## വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : പ്രിയങ്ക .ജി IAS )

വിഷയം :വനിത ശിശുവികസന വകുപ്പ്-സംയോജിത ശിശു വികസന പദ്ധതി – **അങ്കണവാടി പ്രീ –സ്കൂൾ കുട്ടികൾക്ക് പാൽ വിതരണം –UHT–** സംബന്ധിച്ച്:-

പരാമർശം : 1) സ.ഉ.(സാധാ) നം.289/2022/വശിവിവ . തീയതി : 30/05/2022.

2) മിൽമ മാനേജിങ് ഡയറക്ടറുടെ 16/07/2022 ലെ കെ.വി.എം.എം.എഫ്.എച്ച്.ഒ /മാർക്കറ്റിങ്/17/2022/568 നമ്പർ കത്ത്.

3) ഈ കാര്യായത്തിലെ 21/07/2022 ലെ ഇതേ നമ്പർ കത്ത്

**ഉത്തരവ് നം. ICDS/B3/1047/22 തീയതി:29-07-2022**

==========================================================

അങ്കണവാടി പ്രീ -സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം പാലും മുട്ടയും പദ്ധതിക്ക് പരാമർശം 1 പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും പ്രാദേശികമായി മിൽമ, ക്ഷീര കർഷകർ, കുടുംബശ്രീ,പ്രാദേശികമായ പാൽ എന്നീ സൌകര്യം ലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ UHT പാൽ മിൽമ മുഖേന വിതരണം നടത്തുന്നതിനും തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ UHT പാൽ ആവശ്യമായ സ്ഥലങ്ങളുടെ വിവരം പ്രോഗ്രാം ഓഫീസർമാർ മുഖാന്തിരം ശേഖരിക്കുകയും ടി ലിസ്റ്റ് പരാമർശം (2) പ്രകാരം അംഗീകരിച്ച് UHTപാൽ ലിറ്ററിന് 60/- രൂപ നിരക്കിൽ ലഭ്യമാക്കാമെന്ന് മിൽമ അറിയിച്ചിട്ടുമുണ്ട്.

ടി വിവരം പരാമർശം (3) പ്രകാരം കീഴ്കാര്യാലയങ്ങളിൽ അറിയിച്ചിട്ടുമുണ്ട് . UHT പാലിന്റെ വിലയായി മിൽമ നിശ്ചയിച്ചിട്ടുള്ള 60 /- രൂപ പ്രകാരമുള്ള ബില്ല് CDPO മാർ ശേഖരിച്ച് ക്രോഡീകരിച്ച് ജില്ലാ ഓഫീസർമാർക്ക് നൽകി അലോട്ട്മെന്റ് വാങ്ങി UHT പാലിന്റെ ബിൽ മാറി നൽകേണ്ടതാണ്.

-ഒപ്പ്/-

**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്:

1) ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്കും.
2) ബന്ധപ്പെട്ട CDPO മാർക്കും.
3) സൂപ്രണ്ട് (എ) സെക്ഷൻ), പ്ലാനിംഗ് സെക്ഷൻ
4) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Rahul

**സൂപ്രണ്ട്**